

# സമഗ്രം

## അക്കാദമികവിന്റെ ആസൂത്രണ രേഖ

**2025-2026**

**ഇരിക്കൂർ ഗവ ഹയർ സെക്കന്ററി സ്കൂൾ**

## ഇരിക്കൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ.

| | |
|---|---|
| റവന്യൂ ജില്ല | കണ്ണൂർ |
| സ്കൂൾ കോഡ് | 13072 |
| സ്കൂളിന്റെ പേര് | ജിഎച്ച്എസ്എസ് ഇരിക്കൂർ |
| മേൽവിലാസം | ഇരിക്കൂർ പി ഒ കണ്ണൂർ ജില്ല |
| പിൻകോഡ് | 670593 |
| ഫോൺ നമ്പർ | |
| ഇമെയിൽ അഡ്രസ് | ghssirikkur10@gmail.com |
| ഗ്രാമപഞ്ചായത്ത് | ഇരിക്കൂർ |
| വിദ്യാഭ്യാസ ജില്ല | തളിപ്പറമ്പ് |
| സബ്ജില്ല | ഇരിക്കൂർ |
| ക്ലാസുകൾ | അഞ്ചു മുതൽ 12 വരെ |
| | ഗവൺമെൻറ് |

### ആമുഖം

**കണ്ണൂർ ജില്ലയുടെ മലയോര മേഖലയിൽ ഉൾപ്പെട്ട ഇരിക്കൂർ ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമാണ് ഇരിക്കൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ. പാഠ്യപാഠ്യേതര രംഗത്ത് സംസ്ഥാനതലത്തിൽ തന്നെ മാതൃകയായി, മികവ് അവതരണത്തിൽ രണ്ടുതവണ വിജയം എഴുതിയ വിദ്യാലയം കൂടിയാണിത്.**

**ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കുവാൻ സ്കൂളിന് കഴിയുന്നു.ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം (ഇൻക്ലൂസീവ് എഡ്യൂക്കേഷൻ)പ്രാവർത്തികമാക്കാൻ വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട് പെൺകുട്ടികൾക്കുള്ള സവിശേഷ പരിശീലനങ്ങളും ആത്മധൈര്യം വർദ്ധിപ്പിക്കുന്ന സ്വയം പ്രതിരോധത്തിന് ഉതകുന്ന പ്രവർത്തന പദ്ധതികളും വിദ്യാലയം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട് കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ആവശ്യമായ സന്ദർഭങ്ങളിൽ കൗൺസിലിങ് ഉള്ള സൗകര്യവും സ്കൂളിൽ ലഭ്യമാക്കുന്നു.**

**അക്കാദമിക രംഗത്തെ മികവിന് ചിട്ടയായ പ്ലാനിങ്ങും അതിന് അനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ് വിദ്യാലയം പിന്തുടരുന്നത്**
**ജൈവസമ്പന്നതയിൽ അലങ്കൃതമായ വിദ്യാലയത്തിന് ശിശു സൗഹൃദപരമായ പഠനാന്തരീക്ഷം മുഖമുദ്രയായി കാണാം സ്കൂൾ തന്നെ പാഠപുസ്തകം എന്ന വിശാലമായ ആശയം ഇവിടെ സാർത്ഥകമാകുന്നു.**

ചില വിവരങ്ങൾ കൂടി....

**1957 ൽ സ്ഥാപിതമായ കണ്ണൂർ ജില്ലയിലെ സർക്കാർ വിദ്യാലയം.കണ്ണൂർ ജില്ലയുടെ കിഴക്കൻ മലയോരപ്രദേശത്തിലേക്കുള്ള കവാടങ്ങളിൽ ഒന്നായ ഇരിക്കൂർ പട്ടണത്തിൽ നിന്നും ഒരു കിലോമീറ്റർ മാറി ഇരിക്കൂർ-ബ്ലാത്തൂർ റോഡിനോടു ചേർന്ന് ഒരു കുന്നിൻമുകളിൽ സ്ഥിതി ചെയ്യുന്നു.ഇരിക്കൂർ പട്ടണം വളരെ പഴയ ഒരു വ്യാപാര കേന്ദ്രമായിരുന്നു.കുടകുമലനിരകളിൽ നിന്നും വയനാടൻ കുന്നുകളിൽ നിന്നും ഒഴുകിയിറങ്ങുന്ന കണ്ണൂർ ജില്ലയിലെ ഏറ്റവും നീളം കൂടിയ നദിയായ വളപട്ടണം പുഴയുടെ തീരത്താണ് ഇരിക്കൂർ സ്ഥിതിചെയ്യുന്നത്.ഇവിടെ വളപട്ടണം പുഴ അറിയപ്പെടുന്നത് ഇരിക്കൂർ പുഴ എന്നാണ്.പ്രസിദ്ധമായ മാമാനിക്കുന്ന് മഹാദേവി ക്ഷേത്രവും നിലാമുറ്റം മഖാമും സ്കൂളിനു സമീപം സ്ഥിതിചെയ്യുന്നു.**
1957 ൽ നിർമ്മിക്കപ്പെട്ട കെട്ടിടത്തിനു പുറമെ ചെറുതും വലുതുമായി എട്ടോളം കെട്ടിടസമുച്ചയങ്ങൾ ഇന്ന് സ്കൂളിനു സ്വന്തമായുണ്ട്.കല്ല്യാട്ട് താഴത്ത്വീട്ടിൽ കുഞ്ഞപ്പനമ്പ്യാർ സൗജന്യമായി നൽതിയ പത്ത് ഏക്കർ സ്ഥലത്താണ് സ്കൂൾ സ്ഥിതിചെയ്യുന്നത്.2010 മാർച്ചിൽ ഹയർസെക്കന്ററി വിഭാഗത്തിന് പുതിയ കോംപ്ളക്സ് ഉദ്ഘാടനം ചെയ്തു.ഹയർസെക്കന്ററി വിഭാഗത്തിൽ സയൻസ്-രണ്ടു ബാച്ച്,ഹ്യുമാനിറ്റീസ്-രണ്ട് ബാച്ച്,കൊമേഴ്സ് ബാച്ച് എന്നിവയുണ്ട്.ഹൈസ്കൂൾ വിഭാഗത്തിൽ പതിനെട്ട് ഡിവിഷനുകളും പ്രൈമറി വിഭാഗത്തിൽ ഏഴു ഡിവിഷനുകളും ഉണ്ട്.അഞ്ച്,ആറ് ഏഴ് ക്ലാസ്സുകളിൽ ഓരോ ഇംഗ്ളീഷ് മീഡിയം ഡിവിഷനുകളുമുണ്ട്.

**പത്ത് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 5 കെട്ടിടങ്ങളിലായി 41 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 6 ക്ലാസ് മുറികളുമുണ്ട്.**



**ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം അമ്പതോളം കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. ഹൈസ്കൂൾ വിഭാഗത്തിൽ കൗൺസിലിങ്ങിന് പ്രത്യേക മുറി ഉണ്ട്.**

# ഹൈസ്കൂൾ വിഭാഗം

## അക്കാദമികം

### നേട്ടങ്ങൾ

കാസർഗോഡ് ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികളെ SSLC പരീക്ഷക്കിരുത്തി മികച്ച വിജയവും ഏറ്റവും കൂടുതൽ ഫുൾ എ പ്ലസും നേടുന്ന വിദ്യാലയമായി മാറാൻ കഴിഞ്ഞു. NMMS പോലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് കൂടുതൽ കുട്ടികളെ ഇരുത്തി ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുകയും ചെയ്യുന്നു. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നത് വിജയത്തിളക്കത്തിലേക്ക് നയിക്കുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കാനുതകുന്ന രീതിയിൽ ആസൂത്രണം നടത്തുന്നു. S.P.C, സ്കൗട്ട്, ഗൈഡ്, ജെ.ആർ.സി, ഇക്കോ കാസ്റ്ററ്റഡ്, എൻ.എസ്.എസ് തുടങ്ങിയ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം വർദ്ധിപ്പിക്കാൻ കഴിയുന്നു.

ഹയർസെക്കന്ററിയിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളായി സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റിസ് ബാച്ചുകളിൽ മികച്ച വിജയം നേടുന്നു. സയൻസ് ബാച്ചിൽ 1200–ൽ 1200 മാർക്കും നേടാൻ ഈ സ്കൂളിലെ കുട്ടികൾക്ക് സാധിക്കുന്നു എന്നത് അക്കാദമിക മികവിന്റെ ഏറ്റവും വലിയ തെളിവാണ്.

## അക്കാദമികം

## പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി ഏറ്റവും കൂടുതൽ കുട്ടികൾ മികച്ച വിജയം നേടുന്നു. എങ്കിലും എല്ലാ ക്ലാസ്മുറികളും ഹൈടെക് നിലവാര ത്തിലേക്കുയർന്നില്ല എന്നത് പരിമിതിയാണ്. ഈ മാസം 11 ക്ലാസ് മുറികൾ ഹൈടെക് നിലവാരത്തിലെത്തുമെങ്കിലും ബാക്കിയുള്ള ക്ലാസ്മുറികളും കൂടി ഈ നിലവാരത്തിലെത്തുമെങ്കിലും ബാക്കിയുള്ള ക്ലാസ്മുറികളും കൂടി ഈ അവസ്ഥ യിലെത്തേണ്ടതുണ്ട്. പൂർവ്വവിദ്യാർത്ഥി കൂട്ടായ്മയിലൂടെയും പി.ടി.എ. സഹകര ണത്തോടെയും ചില ക്ലാസ് മുറികൾ ടൈൽസ് പാകി ഒരുക്കാൻ കഴിഞ്ഞെങ്കിലും മറ്റ് ക്ലാസ് മുറികൾ കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. ഗണിതലാബ്, സാമൂഹ്യ ശാസ്ത്രം ലാബ് എന്നിവ ഹൈസ്കൂളിന് പ്രത്യേകമായില്ല. അതുപോലെ ഫിസിക്സ് ശാസ്ത്രലാബ് ഉണ്ടെങ്കിലും ഫിസിക്സിനും, കെമിസ്ട്രിക്കും ബയോ ളജിക്കും പ്രത്യേകമായി ഇല്ല എന്നുള്ളതും പരിമിതിയാണ്. പ്രവർത്തിച്ച് പഠിക്കു ക, അന്വേഷണാത്മകമായും നിരീക്ഷിച്ചും പഠിക്കുക തുടങ്ങിയവ പൂർണമായ അർത്ഥത്തിൽ സാർത്ഥമാക്കാൻ പ്രത്യേകം പ്രത്യേകം ലാബ് സൗകര്യം ഉണ്ടാവേ ണ്ടതുണ്ട്. ഹയർസെക്കന്ററി തലത്തിലും ലാബ് സൗകര്യങ്ങൾ വിപുലപ്പെടുത്തേ ണ്ടതുണ്ട്. ഹൈസ്കൂൾ, ഹയർസെക്കന്ററി ഐ.ടി.ലാബിലും കൂടുതൽ കമ്പ്യൂട്ടറു കൾ സ്ഥാപിച്ച് ഐ.ടി. പഠനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട് ഇതിനായി ജനപ്രതിനിധികളിൽ നിന്നും മറ്റും ഫണ്ട് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നട ത്തിവരുന്നു.

## ഭൗതികം

### നേട്ടങ്ങൾ

നിലവിൽ 9 ക്ലാസ്സ്മുറികൾ ടൈൽ പാകി മോടിപിടിപ്പിച്ചു. ഈ ക്ലാസ്സ് മുറികളിൽ ഈ മാസം തന്നെ ഹൈടെക് സംവിധാനമൊരുക്കുന്നതിനായി ലാപ്ടോപ്പ്. പ്രൊജക്ടർ തുടങ്ങിയവ ലഭ്യമാകും. ഹയർസെക്കന്ററിയിൽ രണ്ട് ക്ലാസ്സുമുറികൾ നേരത്തെ തന്നെ ടൈൽ പാകുകയും മൾട്ടിമീഡിയ സംവിധാനമൊരുക്കുകയും ചെയ്തിട്ടുണ്ട്.

കുട്ടികൾക്ക് വായനക്ക് ആവശ്യമായ ലൈബ്രറി പ്രത്യേകമായി തന്നെ ഒരുക്കിയിട്ടുണ്ട്.

പെൺകുട്ടികൾക്ക് ശാരീരകമായി ഉണ്ടാകുന്ന അവശതകൾക്കും മറ്റും വിശ്രമിക്കുന്നതിനാവശ്യമായ 'വിശ്രാന്തിമന്ദിരം' ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഒരുക്കിയത് ഏറെ ഗുണം ചെയ്യുന്നു.

ഇരുപത്തി രണ്ട് കമ്പ്യൂട്ടറുകളുള്ള H.S.ഐ.ടി.ലാബ് സ്കൂളിന്റെ മറ്റൊരു ഭൗതിക നേട്ടമാണ്. നല്ല നിലയിൽ പരീക്ഷണങ്ങൾ ചെയ്യാനുതകുന്ന ശാസ്ത്രലാബുകൾ സ്കൂളിന്റെ മറ്റൊരു നേട്ടമാണ്.

ആയിരം പേർക്ക് ഇരിക്കാവുന്ന വിശാലമായ ഓപ്പൺ ഓഡിറ്റോറിയം മറ്റ് സ്കൂളുകൾക്ക് തന്നെ മാതൃകയാണ്. ഈ ഓഡിറ്റോറിയം പൂർണ്ണമായും ടൈൽ പാകി സജ്ജീകരിക്കാൻ കഴിഞ്ഞതും വലിയ മികവാണ്.

## ഭൗതികം

## പരിമിതികൾ

ഹൈസ്കൂളിൽ നിലവിലുള്ള 20 ക്ലാസ്സ് മുറികളിൽ 11 എണ്ണം ഹൈടെക് നിലവാരത്തിലേക്കുയരണം. ടൈൽസ് പാകിയ ക്ലാസ്സ് മുറികളൊരുക്കുകയും നില വാരമുള്ള ഇരിപ്പിടങ്ങൾ ഒരുക്കുകയും ചെയ്യേണ്ടതുണ്ട്.

ലൈബ്രറിയിൽ പതിനായിരത്തോളം പുസ്തകങ്ങൾ ഉണ്ടെങ്കിലും അവ വേണ്ടവിധത്തിൽ ഡിസ്പ്ലേ ചെയ്യാനുള്ള സൗകര്യം ഇല്ല. നിലവിൽ ലൈബ്രറി യിൽ തന്നെയുള്ള റീഡിംഗ് റൂം സൗകര്യം മറ്റൊരു വിശാലമായ റൂമിലേക്ക് മാറ്റേ ണ്ടതുണ്ട്. ഇതിനായി പുതിയ റീഡിംഗ് റൂം പണിയണം. ഡിജിറ്റലൈസ്ഡ് ലൈബ്രറി. ഒരുക്കുന്നതിനായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ ആവശ്യമാണ്. ഇതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. അത് വിജയപഥത്തിലെ ത്തണം.

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ സ്കൂളിൽ ഇല്ല. ആധുനിക സൗകര്യത്തോടുകൂടിയ ഒരു ഭോജനശാല നിർമ്മിക്കണം. ഇതിൽ ആവശ്യത്തിന് ഫർണിച്ചറുകളും പാത്രങ്ങളും മറ്റും ലഭ്യമാവണം.

കുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഉതകുന്ന ആധു നിക സൗകര്യമുള്ള ശൗചാലയങ്ങൾ പണിയണം. നിലവിലുള്ളവ മെച്ചപ്പെടുത്തേ ണ്ടതുമുണ്ട്.

ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്. കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യ മായ പരിശീലനം നൽകാൻ (ഉപകരണ സംഗീതമുൾപ്പെടെ) പ്രത്യേകം റൂം സൗകര്യമൊരുക്കണം.

S.P.C, സ്കൗട്ട്, ഗൈഡ്, JRC തുടങ്ങിയവയ്ക്ക് കുട്ടികളുടെ യൂനിഫോം മറ്റ് സാധന സാമഗ്രികൾ എന്നിവ സൂക്ഷിക്കാൻ പ്രത്യേകം റൂം സൗകര്യം ഉണ്ടാവേ ണ്ടതുണ്ട്.

വിശാലമായ കളിസ്ഥലമുണ്ടെങ്കിലും ഒരു സ്പോർട്സ് പവിലിയൻ ഇൻഡോർ സ്റ്റേഡിയം എന്നിവ ഇന്നും ഒരു സ്വപ്നമായി നിലനിൽക്കുന്നു. കായിക പഠനം കാര്യക്ഷമമാക്കുന്നതിന് ഇവയ്ക്ക് നിർണ്ണായക പങ്കുണ്ട്.

## സാമൂഹികം

### നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു. സാമൂഹ്യ ശുചിത്വം, ട്രാഫിക് നിയന്ത്രണം, വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തുകയും സമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റിയവയുമാണ്.

### പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊ ും പഠനസമയം കൂടുതൽ നഷ്ടപ്പെടുന്നതിനാലും പഠനസമയത്തുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാനുള്ള പരിമിതി ഉ ്.

## അക്കാദമിക മികവിനായി ഏറ്റെടുക്കേ പ്രവർത്തനങ്ങൾ

**വികസന ലക്ഷ്യങ്ങൾ**

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം & SS
7. പ്രതിഭാപോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യപാർക്ക് - ഒരുക്കൽ
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
11. പഠനയാത്രകൾ
12. സ്കൂൾ പത്രം, മാസിക
13. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
14. പ്രവൃത്തി പരിചയ പരിശീലനം
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം
17. സാഹിത്യ ശില്പശാലകൾ
18. മെഡിക്കൽ ക്യാമ്പുകൾ
19. രക്തഗ്രൂപ്പ് നിർണയം
20. ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ
21. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
22. ഭാഷാ ലാബ്

23. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ

24. ഗവേഷണാത്മക പഠനം

25. കായികശേഷി വികസനം

26. വിലയിരുത്തൽ കാര്യക്ഷമമാക്കൽ

27. ചോദ്യപേപ്പർ ശില്പശാല

28. ഐ.ടി.പഠനം - കാര്യക്ഷമമാക്കൽ

29. ജന്മദിന പുസ്തകം

30. ചിത്രരചനാ ക്യാമ്പ്

31. ശാസ്ത്ര, ഗണിതശാസ്ത്ര, SS, IT, പ്രവൃത്തി പരിചയ മേളകൾ

32. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

## പ്രവർത്തനം - വിശദാംശങ്ങൾ

| **ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം**<br>**പ്രവർത്തനം 1 - ഭാഷാശേഷി വികസനം** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴു താനും സംസാരി ക്കാനും ഉള്ള ശേഷി വികസനം. | 1).ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ.<br><br>2). ഇംഗ്ലീഷ് ക്ലബ്ബി ന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - ഇംഗ്ലീഷിൽ ഡിബേറ്റ്, സെമി നാർ, പ്രസംഗം തുടങ്ങിയവ സംഘ ടിപ്പിക്കൽ<br><br>3). ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല<br><br>4). ഇംഗ്ലീഷിൽ ഡയറി എഴുത്ത് - ഓരോ കുട്ടിയും. | എല്ലാ ക്ലാസ്സും<br><br>ആഴ്ചയിൽ ഒരു ദിവസം ഒരു വർഷ ത്തേക്ക്<br><br>ആഴ്ചയിൽ ഒരു ദിവസം<br><br>എല്ലാ ദിവ സവും - തുടർച്ച യായി | ബന്ധപ്പെട്ട ടീച്ചർ<br><br>ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി, ക്ലാസ് ടീച്ചർ ഇൻചാർജ്<br><br>ക്ലാസ് ടീച്ചർ<br><br>ഇംഗ്ലീഷ് അധ്യാപ കർ | |
| **ഉപമേഖല: ഇംഗ്ലീഷ്**<br>**പ്രവർത്തനം: 2 ഇംഗ്ലീഷ് തിയറ്റർ** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | 1). ഇംഗ്ലീഷ് കഥ, കവിത - രചനാ ക്യാമ്പ്. ഉൽപ്പന്ന ങ്ങൾ പ്രസിദ്ധീകരി ക്കൽ - (CPTAകാ ണിക്കൽ). | 3 മാസ ത്തിൽ ഒരിക്കൽ - 1 വർഷം | ഇംഗ്ലീഷ് ടീച്ചർ | 2000/പി.ടി.എ, പ്രാദേശിക സഹായം |

| | | | | |
|---|---|---|---|---|
| | 2). പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം. സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ.<br>3). ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്.<br>4). ഇംഗ്ലീഷ് സിനിമാ പ്രവർത്തനം. | മാസത്തിൽ ഒരിക്കൽ.<br>ആഴ്ചയിൽ ഒരു ദിവസം<br>2 മാസത്തിൽ | ഇംഗ്ലീഷ് ടീച്ചർ, ക്ലബ്ബ് സെക്രട്ടറി<br>ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ്ബ് ഇൻചാർജ് | 2000/പി.ടി.എ<br>-<br>പി.ടി.എ |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ അധിക സമയം കണ്ടെത്തി (9 to 10, 4 to 5) വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ് | ഇംഗ്ലീഷ് ടീച്ചർ<br>ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ<br>1000/for Refreshment |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ - വായനാകുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | - |
| കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ. | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | - |

| ഉപമേഖല – മലയാളം<br>പ്രവർത്തനം 1 – ഭാഷാശേഷി വികസനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1). എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം (ശ്രദ്ധ, നവപ്രഭ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1). അക്ഷരം ഉറപ്പിക്കൽ<br>2).ചിഹ്നം ഉറപ്പിക്കൽ<br>3). പദ നിർമ്മാണം<br>4).വാക്യനിർമ്മാണം<br>5). ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം 1 വർഷ ക്കാലം | മലയാളം ടീച്ചർ, SRG | PTA, Dept. |
| 2).എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ.<br>2.ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. പുതുവർഷം പുസ്തകവർഷം<br>4.ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>5. വായനക്കൊരു വാർഷിക പദ്ധതി (ഓരോ ക്ലാസ്സിലെയും വായനാ ലക്ഷ്യം തീരുമാനിക്കൽ)<br>6. സ്കൂൾ ലൈബ്രറി നവീകരണം<br>7.റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>8.വായനോത്സവം<br>9.ജന്മദിന പുസ്തകം<br>10.പത്രവായന | 6 മാസം- 1 വർഷം<br>ആവശ്യമനുസരിച്ച്<br>3 മാസം<br>6 മാസം-1 വർഷം | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ<br>മലയാളം അധ്യാപകർ, SRG<br>മലയാളം ടീച്ചർ | PTA<br>PTA 10,00,000/-<br>-<br>-<br>- |

| ഉപമേഖല: | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക/ പിന്തുണ** |
| 1.പത്രവായന പരിപോഷിപ്പിക്കുക | പത്രവായന - പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ.<br>ഓരോ ക്ലാസിനും ഓരോ പത്രം.<br>രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം പത്ര ക്വിസ് | 3 മാസം<br>ദിവസേന<br>ആഴ്ചയിൽ ഒരു ദിവസം | വിദ്യാരംഗം ഇൻ ചാർജ്<br>"<br>മലയാളം അധ്യാപകർ | PTA<br>PTA |
| 2.സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ<br>സാഹിത്യക്വിസ്- രചനാ ശില്പശാല (കവിത,കഥ)<br>കവിതാലാപന മത്സരം<br>ക്ലാസ്തല, സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ<br>പുസ്തകചർച്ച, പുസ്തകാസ്വാദനം ഇ-വായന<br>സാഹിത്യക്കാരനുമായി സംവദിക്കൽ<br>അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വശം) | വർഷത്തിൽ 1 തവണ<br>മാസത്തിൽ 1 തവണ<br>മാസത്തിൽ 1 തവണ<br>6 മാസത്തിൽ ഒരിക്കൽ<br>മാസത്തിൽ 1 തവണ<br>വർഷത്തിൽ 1 തവണ<br>ആഴ്ചയിൽ ഒരിക്കൽ | SRG<br>വിദ്യാരംഗം<br>വിദ്യാരംഗം SRG<br>വിദ്യാരംഗം<br>വിദ്യാരംഗം SRG<br>വിദ്യാരംഗം | PTA<br>PTA 15000/- Sponsorship<br>PTA |

| ഉപമേഖല - ദിനാചരണങ്ങൾ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക** |
| വിവിധ ശേഷികളുടെവികസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | SRG | - |

| ഉപമേഖല - സോഷ്യൽ സയൻസ് - മോക്ക് പാർലിമെന്റ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക** |
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മിറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരണം<br>തുടർന്ന് മോക്ക് പാർലിമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ നാല് തവണ | SS അധ്യായപകർ, സ്കൂൾ പാർലിമെന്റ് ഭാരവാഹികൾ | |

| ഉപമേഖല - സാമൂഹ്യശാസ്ത്രം ലൈബ്രറി കോർണർ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക** |
| സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ | വർഷത്തിൽ 1 തവണ | SS Teachers | - |
| | പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം. | ആഴ്ചയിൽ 1 തവണ | ” | - |

| ഉപമേഖല - സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **ഏജൻസി/ സാമ്പത്തിക** |
| സാമൂഹ്യ ശാസ്ത്ര-നൂതന അറിവുകൾ- കണ്ടെത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ S.S. കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ. | എല്ലാ ദിവസവും ഒരു വർഷം | S.S.ക്ലബ്ബ് | - |

| ഉപമേഖല - പഠനയാത്രകൾ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **ഏജൻസി/ സാമ്പത്തിക** |
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, ക്ഷേത്ര കലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | S.S.ടീച്ചേർസ് | PTA |

| ഉപമേഖല - സംവാദം, സെമിനാർ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **ഏജൻസി/ സാമ്പത്തിക** |
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം. പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ (കൂടുതൽ അറിയാൻ) | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ 1 വീതം | SRG, S.S.Club | ജനപ്രതിനിധികൾ, 10,000/- PTA |

| ഉപമേഖല - ആരോഗ്യമുള്ള ശരീരം,മനസ്സ് രൂപപ്പെടുത്തൽ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **ഏജൻസി/ സാമ്പത്തിക** |
| ആരോഗ്യമുള്ള ശരീരം, ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ, വിദ്യാഭ്യാസം ഫലപ്രദമാക്കൽ | 1. കരാട്ടെ, തെയ് ക്കോ ാ, കളരിപ്പയറ്റ്, പൂരക്കളി തുടങ്ങിയവയിൽ പരിശീലനം.<br><br>2.സ്വയം പ്രതിരോധം പെൺകുട്ടികൾക്ക് മേൽപ്പറഞ്ഞവയിൽ പെൺകുട്ടികൾക്ക് പരിശീലനം (പൂരക്കളി ഒഴികെ) | ആഴ്ചയിൽ എല്ലാ ദിവസവും വൈകീട്ട് (പ്രവൃത്തി ദിനങ്ങളിൽ) 3 മാസം<br><br>ആഴ്ചയിൽ പ്രവൃത്തി ദിനങ്ങളിൽ വൈകീട്ട് 4 to 5 മണി 3 മാസം | കായികാധ്യാപകൻ<br><br>കായികാധ്യാപകൻ | 25,000/- വിദ്യാഭ്യാസ വകുപ്പ്<br><br>25,000/- വിദ്യാഭ്യാസ വകുപ്പ് |

| ഉപമേഖല - സ്കോളർഷിപ്പ് പരീക്ഷ പരിശീലനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | NMMS ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ടീച്ചർ | - |

| മേഖല - അക്കാദമികം - സാമൂഹികം<br>ഉപമേഖല: CPTA ശക്തിപ്പെടുത്തൽ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തലും | CPTA യോഗം കാര്യക്ഷമമായി നടത്തൽ, കുട്ടികളുടെ പഠനനേട്ടങ്ങൾ, പഠനതെളിവുകൾ, എത്താതെ പോയ പഠനനേട്ടം തുടങ്ങിയവയുടെ അവതരണം CPTA യിൽ. | 1 വർഷത്തിൽ 3 മാസത്തിൽ ഒരിക്കൽ | SRG, ക്ലാസ് ടീച്ചർ | - |

| മേഖല - അക്കാദമികം - സാമൂഹികം<br>ഉപമേഖല: പ്രാദേശിക പി.ടി.എ (കോർണർ പി.ടി.എ) | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| പ്രാദേശിക പി.ടി.എ. രൂപീകരിക്കലും അക്കാദമിക കാര്യങ്ങൾ പങ്കുവെക്കലും സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തലും | SSLCക്ക് മികച്ച വിജയം നേടുന്നതിന് 10-ാംതരം വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ മേഖലകളായി തിരിച്ച് പ്രാദേശിക പി.ടി.എ.യോഗങ്ങൾ ചേരൽ | വർഷത്തിൽ 3 പ്രാവശ്യം തുടക്കത്തിലും ഡിസംബൽ ജനുവരി മാസങ്ങളിലും | PTA, SRG | PTA<br>5000 for Refreshment |

| **<u>ഉപമേഖല: ശാസ്ത്രം</u>** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/പി.ടി.എ. |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | – |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 3. **<u>ശാസ്ത്രലാബ് നവീകരണം</u>** ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്. കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേർസ് | – |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ. | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ. | 1 വർഷം | പി.ടി.എ | 5 ലക്ഷം MLA/MPഫ ് |
| 2.പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | - |
| 3. ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | |
| 4.ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ - ചോദ്യപേപ്പർ സമഗ്രയിൽ Upload ചെയ്യൽ. | 3 മാസം | SRG, സയൻസ് ടീച്ചർ | 1000/- PTA |
| 5.മോഡൽ, നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | SRG, സയൻസ് ടീച്ചർ | 2500/- PTA |

| ഉപമേഖല: പരിസ്ഥിതി സംരക്ഷണം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1.ജൈവ വൈവിധ്യപാർക്ക് വിപുലപ്പെടുത്തൽ, ജൈവ പന്തലൊരുക്കൽ. | സ്കൂൾ തന്നെ പാഠ പുസ്തകം എന്ന ആശയം പ്രാവർത്തിക മാക്കി ഒരുക്കിയ ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ, വള്ളിപ്പടർപ്പുകൽ കൊ ് ജൈവ പന്തലൊരുക്കൽ. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | പി.ടി.എ. 2000 |
| 2.സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം വിപുലപ്പെടുത്തൽ. | ഔഷധസസ്യങ്ങളെയും ഔഷധസസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധത്തോട്ടം വിപുലപ്പെടുത്തൽ എല്ലാ സസ്യങ്ങൾക്കും നാമകരണം. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | പി.ടി.എ. 2000 |
| 3.ജൈവവൈവിധ്യ രജിസ്റ്റർ പഠനത്തിന് ഉപയോഗപ്പെടുത്തൽ | ജൈവ വൈവിധ്യ രജിസ്റ്റർ ശാസ്ത്ര പഠനത്തിന് ഉപയോഗപ്പെടുത്തി നേർ അനുഭവം ഉറപ്പുവരുത്തൽ. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | - |
| 4.നാട്ടുമാവ് സംരക്ഷണം | സ്കൂൾ മുറ്റത്തെ നാട്ടുമാവുകൾക്ക് പൂർണ്ണസംരക്ഷണമൊരുക്കൽ | എല്ലാ ദിവസവും | ഇക്കോക്ലബ് | - |

| ഉപമേഖല: ഗണിതം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1) ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക | ലാബ് സജ്ജീകരണം - അവധിക്കാലത്ത്. | പി.ടി.എ, ഗണിത ടീച്ചർ | 2,00,000/- |
| | 2). ജാമ്യതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് ഗണിതപാർക്ക് സജ്ജീകരിക്കൽ. | ജൂൺ-ജൂലായ് | പി.ടി.എ, ഗണിത ടീച്ചർ | 2000/- പി.ടി.എ. |
| 2.ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1). വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ 1 മാസം | ഗണിത ടീച്ചർ | പി.ടി.എ. |
| | 2). ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ 1 മാസം | ഗണിത ടീച്ചർ | - |
| 3. ഗണിത ക്ലിനിക്ക് | ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിതക്ലിനിക്ക്. | 1 വർഷം | ഗണിത ടീച്ചർ, ഗണിത ക്ലബ്ബ് | - |

## ഹിന്ദി

## മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉ ാക്കുക. | 1). ഹിന്ദി ന്യൂസ് പേപ്പർ വായിക്കാനുള്ള സൗകര്യം ഒരുക്കുക. | | ഹിന്ദി ടീച്ചർ | പി.ടി.എ. സ്പോൺസർഷിപ്പ |
| | 2).ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക. | 2 മാസം | | |
| | 3).ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക. | | ഹിന്ദി ടീച്ചർ | |
| | 4).ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക | ആവശ്യമനുസരിച്ച് | SRG, ഹിന്ദി ടീച്ചർ | |
| | 5).ഹിന്ദി നാടകം നടത്തുക. | | ഹിന്ദി ടീച്ചർ | |
| | 6). കുട്ടികളെ കൊ ചെറുചെറു വിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | | ഹിന്ദി ടീച്ചർ | |
| | 7). ഹിന്ദി പ്രസംഗം, കവിതാലാപനം ഇവ പരിപോഷിപ്പിക്കുക. | | | |

| ഉപമേഖല: പ്രവൃത്തി പരിചയം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉ ാക്കൽ. ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ. | 1 വർഷത്തിൽ 1 മാസം | SRG | 10,000/- തദ്ദേശ സ്വയംഭരണ സ്ഥാപനം |

| ഉപമേഖല: കലാരംഗം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| കലാമികവുള്ളവർക്ക് പരിശീലനം | ഉപകരണ സംഗീതത്തിലും മറ്റ് കലാവാസനകളും ഉള്ള കുട്ടികൾക്ക് വിദഗ്ദരെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ. | ആഴ്ചയിൽ 2 ദിവസം 1 വർഷം | SRG | PTA 10,000/- |

| ഉപമേഖല: ORC | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിന് ORC ട്രെയിനിംഗ് സഹവാസ ക്യാമ്പുകൾ | ORC ട്രെയിനിംഗിന്റെ ഭാഗമായി സഹവാസ ക്യാമ്പുകളും ട്രെയിനിംഗ് ക്ലാസ്സുകളും. | 6 മാസത്തിൽ ഒരിക്കൽ | ORC,Nodel Teacher | 50,000/- സാമൂഹ്യ നീതി വകുപ്പ് |

| ഉപമേഖല: സ്വയം തൊഴിൽ നൈപുണി വികസനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| പെൺകുട്ടികൾക്ക് സ്വയം തൊഴിൽ പരിശീലനം | നിർധനരായ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് സ്വയം തൊഴിൽ നൈപുണി വികസനത്തിന്റെ ഭാഗമായി സൗജന്യ തുന്നൽ പരിശീലനം. | ആഴ്ചയിൽ 3 ദിവസം വൈകുന്നേരം. 2 വർഷം | സീനിയർ അസിസ്റ്റന്റ് | പി.ടി.എ. 1 വർഷം 40,000/- |

| ഉപമേഖല: കായിക വിദ്യാഭ്യാസം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലേക്കെത്തിക്കൽ<br><br>എ).ഫുട്ബോൾ ഡെ ബോർഡിംഗ് പരിശാലനം. | എല്ലാ ദിവസവും രാവിലെയും വൈകീട്ടും അവധി ദിവസങ്ങളിലും 1 വർഷം | കായികാധ്യാപകൻ | പി.ടി.എ.,<br>50,000/- |
| | രാവിലെയും വൈകീട്ടും 30 ആൺ കുട്ടികൾക്കും 50 പെൺകുട്ടികൾക്കും ക്ലാസ് സമയത്തിന് മുമ്പും പിമ്പും പരിശീലനം | 1 വർഷക്കാലം | കായികാധ്യാപകൻ | - |

## ഉപമേഖല : ഹൈടെക് ക്ലാസ് മുറികൾ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിൽ ഹൈടെക് ആക്കാൻ ബാക്കിയുള്ള റൂമുകൾ ഹൈടെക് ആക്കൽ | പൂർവ്വവിദ്യാർത്ഥികൾ ജനപ്രതിനിധികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ ബാക്കിയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പ്രവർത്തനം | പി.ടി.എ | 6 മാസം | ജനപ്രതിനിധികൾ<br>പൂർവ്വവിദ്യാർത്ഥികൾ<br>10,00,000/- |

# ഉപമേഖല : കൗൺസിലിങ്ങ്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ്ങ് നൽകൽ. നല്ല വ്യക്തിത്വമുള്ളവരാക്കൽ. | •ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ.<br>•ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹരണം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ. ഇൻഡിവിഡ്വൽ കൗൺസിലിങ്ങ്, ഗ്രൂപ്പ് കൗൺസിലിങ്ങ്. | കൗൺസിലിങ്ങ് ടീച്ചർ | ജൂണിൽ തുടങ്ങി എല്ലാ ദിവസവും | |

## ഉപമേഖല : കലാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗ വാസനകളെ പരി പോഷിപ്പിക്കൽ. | •കുട്ടികളുടെ സർഗ വാസനകൾ ക ത്തുകയും അവ പരി പോഷിപ്പിക്കുകയും ചെയ്യുക.<br>•സംഗീതം, നൃത്തം, അഭിനയം, കഥാരച ന, കവിരചന, കവി താലാപനം, ഉപക രണ സംഗീതം തുട ങ്ങി വ്യത്യസ്തങ്ങ ളായ കഴിവുകളുള്ള കുട്ടികളെ ക ത്തി അവരുടെ സർഗവാ സനകൾ പരിപോഷി പ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകൽ. | കലാധ്യാപ കർ, എസ്.ആർ.ജ ി | 2019 ജൂൺ മുതൽ 2 വർഷം | പി.ടി.എ. 1,00,000/- |

## ഉപമേഖല : കായിക മികവ് വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ.<br>•കായിക മത്സരങ്ങളിൽ മികവിലേക്കെത്തിക്കൽ | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഫുട്ബോൾ, വോളിബോൾ തുടങ്ങിയ കളികളിൽ പരിശീലനം നൽകൽ. സംസ്ഥാനതല, ദേശീയതല മത്സരങ്ങളിൽ എത്തി മികവ് പ്രകടിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകൽ | കായികാധ്യാപകൻ | ജൂൺ മുതൽ എല്ലാ ദിവസവും 2 വർഷം | പി.ടി.എ.,<br>ഡെ ബോർഡിംഗ് സ്കീം |

## ഉപമേഖല : സ്വയം പ്രതിരോധശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| പെൺകുട്ടികളിൽ സ്വയം പ്രതിരോധ ശേഷി വർദ്ധിപ്പിക്കൽ | കുട്ടികൾക്ക് കരാട്ടേ, തെയ്ക്കോ േ ാ, കളരി തുടങ്ങിയവയിൽ പരിശീലനം നൽകി സ്വയം പ്രതിരോധത്തിന് ശേഷി വർദ്ധിപ്പിക്കൽ. | കായികാധ്യാപകൻ | ആഴ്ചയിൽ 3 ദിവസം 1 വർഷം | പി.ടി.എ.<br>20,000/- |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - യു.പി - മലയാളം

| ക്രമ നം: | പദ്ധതികൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1. | ഭാഷാപരമായ വിടവുകൾ പരിഹരിക്കൽ (മലയാളത്തിലെ) | 1. പ്രീ ടെസ്റ്റ്<br>2. അടയാളം / ചിഹ്നം ഉറപ്പിക്കൽ.<br>3. അക്ഷരം ഉറപ്പിക്കൽ.<br>4. അക്ഷര കാർഡ്.<br>5. വാക്കുകൾ എഴുതിയ കാർഡ്.<br>6. വാക്കുകൾ, വാക്യങ്ങൾ ഉറപ്പിക്കൽ.<br>7. ചിത്രം - അടിക്കുറിപ്പ്, കഥ പറയൽ<br>8. നോക്കി എഴുതൽ.<br>9. പ്രത്യേക ക്ലാസ്സ് - ശ്രദ്ധ | ജൂൺ - ജൂലൈ |
| 2. | വായനക്കുള്ള ഒരുക്കങ്ങൾ | 1. ക്ലാസ്റൂം സജ്ജീകരിക്കൽ.<br>2. പുസ്തക ശേഖരണം (കുട്ടികളിൽ നിന്നും അധ്യാപകരിൽ നിന്നും മുതിർന്നവരിൽ നിന്നും)<br>3. ഉദ്ഘാടനം<br>4. വായനാക്കുറിപ്പ് | ജൂൺ |
| 3. | പത്രം എല്ലാ ക്ലാസുകളിലും. | 1. സ്പോൺസറെ കണ്ടെത്തുന്നു.<br>2. പത്ര വിതരണം.<br>3. ശേഖരിക്കൽ<br>4. വായന ഉറപ്പാക്കൽ. | അക്കാദമിക വർഷം. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - യു.പി - മലയാളം

| ക്രമ നം: | പദ്ധതികൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിലൂടെ) | 1. പ്രീ ടെസ്റ്റ്<br>2. അടയാളം / ചിഹ്നം ഉറപ്പിക്കൽ.<br>3. അക്ഷരം ഉറപ്പിക്കൽ.<br>4. അക്ഷര കാർഡ്.<br>5. വാക്കുകൾ എഴുതിയ കാർഡ്.<br>6. വാക്കുകൾ, വാക്യങ്ങൾ ഉറപ്പിക്കൽ.<br>7. ചിത്രം - അടിക്കുറിപ്പ്, കഥ പറയൽ<br>8. പകർത്തി എഴുതൽ.<br>9. പ്രത്യേക ക്ലാസ്സ് - ശ്രദ്ധ | ജൂൺ - ജൂലൈ |
| 2. | വായനക്കുള്ള ഒരുക്കൽ | 1. ക്ലാസ്റൂം സജ്ജീകരിക്കൽ.<br>2. പുസ്തക ശേഖരണം (കുട്ടികളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും മറ്റുള്ളവരിൽ നിന്നും)<br>3. ഉദ്ഘാടനം<br>4. വായനാക്കുറിപ്പ് | ജൂൺ |
| 3. | പത്രം എല്ലാ ക്ലാസുകളിലും. | 1. സ്പോൺസറെ കണ്ടെത്തുന്നു.<br>2. പത്ര വിതരണം.<br>3. ശേഖരിക്കൽ<br>4. വായന മത്സരങ്ങൾ | അക്കാദമിക വർഷം. |

| | | | |
|---|---|---|---|
| 4. | ഡയറി എഴുത്ത് | 1. ഡയറി നോട്ട് ബുക്ക്.<br>2. ക്ലാസ് ടീച്ചറിന്റെ മോണിറ്ററിങ്ങ്<br>3. അധ്യാപകന്റെ വിലയിരുത്തൽ. | അക്കാദമിക വർഷം.. |
| 5. | പതിപ്പുകൾ. | 1. സൃഷ്ടികൾ ശേഖരിക്കുന്നു.<br>2. കുട്ടികളുടെ സമിതി ഇവ സൂക്ഷിക്കുന്നു.<br>3. മാസാന്ത്യം പതിപ്പുകളാക്കുന്നു. | |
| 6. | വായനക്കൂട്ടം. | 1. വായനമൂല.<br>2. സ്കൂൾ ലൈബ്രറി ഉപയോഗപ്പെടുത്തൽ.<br>3. സമീപ ഗ്രന്ഥശാല അംഗത്വം.<br>4. പത്ര വായന.<br>5. വായനാസാമഗ്രികൾ വികസിപ്പിക്കൽ.<br>6. മോണിറ്ററിംഗ്. | അക്കാദമിക വർഷം |
| 7. | എഴുത്ത് കൂട്ടം. | 1. എഴുത്ത് കൂട്ട രൂപീകരണം.<br>2. വായനാക്കുറിപ്പ്.<br>3. പതിപ്പ്.<br>4. ആസ്വാദന കുറിപ്പ്.<br>5. ~~[illegible]~~ ചുമർ പത്രിക. | അക്കാദമിക വർഷം |
| 8. | ദിനാഘോഷങ്ങൾക്ക് പിന്തുണ. | 1. പ്രത്യേക പഠനപ്രവർത്തനങ്ങൾ രൂപീകരിക്കൽ<br>2. റിസോഴ്സ് അധ്യാപകരുടെ സേവനം ഉറപ്പാക്കൽ<br>3. മാസാന്ത്യ അവലോകനം | അക്കാദമിക വർഷം. |

| | | | |
|---|---|---|---|
| 9. | സ്കൂൾ ലൈബ്രറി നവീകരണം. | * [illegible]<br>1. ജൻമദിന പുസ്തക ശേഖരണം.<br>2. ലൈബ്രറി പുസ്തകങ്ങൾ വിഷയാനുസരിച്ച് തരം തിരിക്കൽ. | അക്കാദമിക വർഷം |
| 10. | സാഹിത്യ ചുമർ. | 1. കുട്ടികളുടെ സൃഷ്ടികൾ സാഹിത്യ ചുമരിൽ പ്രദർശിപ്പിക്കുന്നു.<br>2. മാസാന്ത്യം ഇവ ചേർത്ത് മാസികകൾ തയ്യാറാക്കുന്നു. | അക്കാദമിക വർഷം. |
| | | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ - യു.പി.

## സാമൂഹ്യ ശാസ്ത്രം.

| | പ്രവർത്തനം | മാസം. |
|---|---|---|
| 1. | • മുതിർന്നവരുമായി അഭിമുഖം നടത്തി പ്രാദേശിക ചരിത്രം മനസ്സിലാക്കി ചിത്രങ്ങളും വിവരങ്ങളും ഉൾപ്പെടുത്തി Scrapbook നിർമ്മാണം | June. |
| 2. | • സ്കൂളിന്റെ ഭൂപടം തയ്യാറാക്കൽ<br>• ക്ലാസ് മുറിയുടെ ശരിയായ അളവെടുത്ത് പ്ലാൻ നിർമ്മാണം. | July |
| 3. | • ക്ലാസ് മുറിയിൽ ഒരു മാർക്കറ്റ് സജ്ജമാക്കി വാങ്ങലും വിൽപനയും മനസ്സിലാക്കൽ.<br>• പൊതുവിതരണ കേന്ദ്രത്തിന്റെ പ്രവർത്തനം - റിപ്പോർട്ട് നിർമ്മാണം. | August. |
| 4. | പ്രളയ ദുരന്തങ്ങൾ അനുഭവിച്ച വ്യക്തികളെ സന്ദർശിച്ച് കുട്ടികൾ സ്വരൂപിച്ച പണം അർഹരായവരിൽ എത്തിക്കൽ. | Sept. |
| 5. | സ്കൂൾ ഇലക്ഷനിലൂടെ ജനാധിപത്യ വ്യവസ്ഥിതി പരിചയപ്പെടൽ | Oct. |

| ക്ര. | പ്രവർത്തനം. | മാസം. |
|---|---|---|
| 6. | • സ്കൂളും പരിസരവും നടന്ന് കണ്ട് പരിസ്ഥിതി ബോധം ഉണ്ടാക്കൽ.<br>• സ്കൂൾ ശുചിത്വ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ. | Nov. |
| 7. | കാലാവസ്ഥ മാറ്റങ്ങൾ നിരീക്ഷിച്ച് കാലാവസ്ഥ ഡയറി നിർമ്മാണം. | Dec. |
| 8. | പഴയകാല ഉപകരണങ്ങൾ, പാത്രങ്ങൾ, നാണയങ്ങൾ etc. ഇവ ശേഖരിക്കലും പ്രദർശനവും. | Jan. |
| 9. | ചരിത്ര പ്രാധാന്യമുള്ള ഒരു സ്ഥലം സന്ദർശനം. യാത്രാവിവരണങ്ങൾ തയ്യാറാക്കൽ. | Feb. |

# ACADEMIC MASTER PLAN- **ENGLISH**

| Objectives | Activities |
| --- | --- |
| Collection of different types of words.<br>· Word web preparation. | Collection of nouns, verbs, adjectives, etc.<br>Say and write rhyming words.<br>Word web preparation through games. |
| → Reading and pronunciation. | · Teacher reading in class room<br>· Group reading<br>· Chain reading<br>· Individual reading.<br>Word card preparation<br>Sentence card preparation. |
| → Comprehension and understanding | Read English short stories from Library and other sources. |

| Objectives | Activities |
|---|---|
| → Speaking English fluently | . Starting classes with simple greeting words.<br>• Ask pupils to express their answers in English.<br>• Make class room talk and dialogue among students. |
| → Develop Writing skills. | • completion of picture story.<br>- construct dialogues.<br>· Writing conversation.<br>· Sentence card preparation<br>· Paragraph writing<br>· Diary writing<br>· Notice preparation.<br>· Comprehension of short story and complete the story. |

| | |
|---|---|
| | Editing sentences through different games.<br>→ Poster making in English with picture and simple sentences.<br>Letter writing<br>Both formal and informal letter - Writing |
| Vocabulary | Synonyms and antonyms.<br>foreign words.<br>Collection of riddles and proverbs. |
| English club activities. | English day in Assembly.<br>English Speech in Assembly.<br>Write meaningful sentences for a better conversation. |

| | |
|---|---|
| English Library | : Collecting books for Library<br>: Arranging in proper order.<br>: Separate section in Library for English. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – യു.പി.– ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിതക്രിയകളിലുള്ള പരിജ്ഞാനം ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപശാല.** കളി രീതിയിലൂടെ അടിസ്ഥാന ക്രിയകളെ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിതശാസ്ത്ര പഠനവും അവലോകനശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപശാല** ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3. ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകർ, ഗണിത ക്ലബ്ബിലെ അംഗങ്ങൾ | |

| | | | | |
|---|---|---|---|---|
| 4. ഗണിതം രസകരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ. |
| 5. ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ. | **ഗണിതഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ രണ്ടോ മൂന്നോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ.ടി. സാധ്യതകളിലൂടെ.**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 7. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക്. <br> ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും, മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും. | |
| 8. വിവിധ ശേഷികളുടെ വികാസം | ദിനാചരണം <br> ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG. | |

[illegible]

| [illegible] | [illegible] | [illegible] |
| --- | --- | --- |
| 1 | [illegible] | [illegible] |
| 2 | [illegible] | [illegible] |
| 3 | [illegible] | [illegible] |

| | | |
|---|---|---|
| 4. | ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്രക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം |
| 5. | സ്കൂൾതല ശാസ്ത്രോത്സവം | സെപ്റ്റംബർ |
| 6. | ശാസ്ത്ര വിസ്മയ ചുമർ : ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ഓരോ ക്ലാസ്സിലും ശാസ്ത്ര വിസ്മയ ചുമർ നിർമ്മിക്കുന്നു. | അക്കാദമിക വർഷം |
| 7. | ശാസ്ത്ര ശില്പശാല സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ |
| 8. | കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസ്സുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | അക്കാദമിക വർഷം. |
| 9. | റോക്കറ്റ് മാതൃക നിർമ്മാണം - പേപ്പർ കാർഡ്ബോർഡ് ഉപയോഗിച്ച് | ഒക്ടോബർ |

| | | |
|---|---|---|
| 10 | ശാസ്ത്ര വൈഭവം<br>ശാസ്ത്രത്തിൽ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിലെത്തിക്കൽ - ക്വിസ് മത്സരങ്ങൾ, പരീക്ഷണങ്ങൾ, പഠനോപകരണ നിർമ്മാണം, ശാസ്ത്ര പ്രദർശനം എന്നിവയിലൂടെ. | അക്കാദമിക വർഷം |
| 11. | സാമൂഹ്യ മുന്നേറ്റം<br>ലഹരി വിരുദ്ധ ബോധവൽക്കരണം, ആരോഗ്യ സംരക്ഷണ സെമിനാറുകൾ, പരിസ്ഥിതി ദിനാചരണങ്ങൾ എന്നിവയിലൂടെ ശാസ്ത്ര പഠനം സാമൂഹ്യ മുന്നേറ്റത്തിനായി പ്രയോജനപ്പെടുത്തുന്നു. | അക്കാദമിക വർഷം |
| 12. | പാരിസ്ഥിതിക അവബോധം വളർത്തൽ<br>പ്ലാസ്റ്റിക് നിർമാർജ്ജനക്ലാസ്സുകൾ, പരിസ്ഥിതി, വന ജല, ഭൗമ ഓസോൺ ദിനാചരണങ്ങൾ എന്നിവയിലൂടെ | അക്കാദമിക വർഷം |

| | | |
|---|---|---|
| 13 | വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ ശാസ്ത്ര കാരൻമാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം. |
| 14. | Atal Tinkering Lab ഉപയോഗപ്പെടുത്തി ഉപകരണ നിർമ്മാണം | അക്കാദമിക വർഷം |

ഏറെ വായന സൗകര്യം ഉള്ള ബൃഹത്തായ ഒരു ലൈബ്രറി സംവിധാനം വിദ്യാലയത്തിനുണ്ട്.കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ കീഴിലുള്ള ക്രിയേറ്റീവ് ക്ലാസ് മുറി പ്രൈമറി വിഭാഗത്തിന് സഹായകമായ രീതിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## ഉപസംഹാരം

ഇരിക്കൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിൻ്റെ പാഠ്യ പാഠ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ് കുട്ടിയുടെ സർവ്വതോൻമുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത് . പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ വേണ്ട രീതിയിൽ നടപ്പിലാക്കുവാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കുമെന്ന് വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന് ഉത്തമ വിശ്വാസം ഞങ്ങൾക്കുണ്ട്.